# പൊതുസമൂഹത്തിൽ പ്രബോധനം പ്രചരിപ്പിക്കുക

ടി. ആരിഫലി (അമീർ, ജമാഅത്തെ ഇസ്‌ലാമി കേരള)

**ഇന്ത്യയിലെ** ഇസ്‌ലാമിക പ്രസ്ഥാനമായ ജമാഅത്തെ ഇസ്‌ലാമി വളർച്ചയുടെ ഒരു ചരിത്ര ഘട്ടത്തിലൂടെയാണ് മുന്നേറിക്കൊണ്ടിരിക്കുന്നത്. ഇസ്‌ലാമിനെ സമഗ്ര ജീവിതപദ്ധതിയായി അവതരിപ്പിക്കുന്നതിനാണ് ആദ്യ ഘട്ടത്തിൽ ജമാഅത്ത് ഊന്നൽ നൽകിയിരുന്നത്. അത് ഒരർഥത്തിൽ പൂർണമായി വിജയിച്ചിട്ടുണ്ട്. ഇന്ന്, ഒരു ബഹുസ്വര സമൂഹത്തിൽ സമഗ്ര ഇസ്‌ലാം പ്രായോഗികമാണെന്നും ഇതര സമൂഹങ്ങളുമായുള്ള സഹവർത്തിത്വത്തിൽ വിശാലത കാണിക്കണമെന്നതാണ് ഇസ്‌ലാമിന്റെ മൗലിക കാഴ്ചപ്പാടെന്നും അംഗീകരിക്കപ്പെടുക മാത്രമല്ല, ആ വിഷയത്തിൽ ക്രിയാത്മകമായ ചുവടുവെപ്പുകളും ധാരാളമായി നടന്നുകൊണ്ടിരിക്കുന്നു. മുസ്‌ലിംകൾ ബഹുസ്വര സമൂഹത്തിൽ ക്രിയാത്മകമായി ഇടപെടേണ്ടവരാണെന്ന പൊതുബോധം വളരുകയും ചെയ്തിട്ടുണ്ട്. ഇസ്‌ലാമിന്റെ തനിമ സംരക്ഷിക്കുകയും ഉയർത്തിപ്പിടിക്കുകയും ചെയ്ത ഘട്ടത്തിൽനിന്ന്, ആ ഇസ്‌ലാമിനെ ബഹുസ്വരസമൂഹത്തിൽ പ്രയോഗവത്കരിക്കുകയെന്ന രണ്ടാം ഘട്ടത്തിലേക്ക് പ്രസ്ഥാനം വളർന്നു കഴിഞ്ഞിരിക്കുന്നു- അൽഹംദുലില്ലാഹ്!

എന്നാൽ ജമാഅത്തെ ഇസ്‌ലാമിയെ പതിറ്റാണ്ടുകളായി വിമർശിച്ചുകൊണ്ടിരിക്കുന്ന അതേ ആളുകൾ അതേ വിമർശനങ്ങൾ അതേ രീതിയിൽ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയാണ്. മുമ്പ് അവരുടെ ശ്രദ്ധയിൽ പെട്ടിട്ടില്ലാത്ത ഒന്നു രണ്ട് ഉദ്ധരണികൾ മാത്രമാണ്, ആവർത്തന വിരസമായ വിമർശനങ്ങൾക്ക് പുതിയ മേമ്പൊടിയായി അവർക്ക് ചേർക്കാനുള്ളത്. ആ ഉദ്ധരണികളാകട്ടെ, ഇന്ത്യാ വിഭജനത്തിനും ആധുനിക സ്വഭാവത്തിലുള്ള ഒരു രാഷ്ട്രമായി ഇന്ത്യ വികസിച്ചുവരുന്നതിനും മുമ്പ് ജമാഅത്തിന്റെ സ്ഥാപക നേതാവ് സയ്യിദ് അബുൽ അഅ്‌ലാ മൗദൂദിയോ മറ്റു നേതാക്കളോ പറഞ്ഞിട്ടുള്ളതാണ് താനും. ഇന്ത്യയിൽ ജമാഅത്തെ ഇസ്‌ലാമിയുടെ നയം രൂപപ്പെടുന്നതിനും മുമ്പുള്ള ചില ഉദ്ധരണികൾ സന്ദർഭത്തിൽനിന്ന് അടർത്തിയെടുത്ത് പറയുക മാത്രമാണവർ ചെയ്തുകൊണ്ടിരിക്കുന്നത്. ഇതല്ലാതെ വിഷയത്തിലോ ശൈലിയിലോ പതിറ്റാണ്ടുകൾക്ക് മുമ്പുള്ളതിൽനിന്ന് വ്യത്യസ്തമായ യാതൊന്നും ഉന്നയിക്കാൻ ജമാഅത്ത് വിമർശകർക്ക് കഴിയുന്നില്ല. അവർ ഈ വിഷയത്തിൽ ആശയക്കുഴപ്പത്തിലാണെന്നു മാത്രമല്ല ചിന്താപരമായ മുരടിപ്പ് നേരിട്ടുകൊണ്ടിരിക്കുകയുമാണ്. എന്നാൽ ജമാഅത്തെ ഇസ്‌ലാമിക്കാകട്ടെ ഈ രംഗത്ത് വളർച്ചയാണ് ഉണ്ടായിട്ടുള്ളത്. മുമ്പ് വിമർശകരുടെ ആരോപണങ്ങൾക്ക് മറുപടി പറഞ്ഞിരുന്നവരുടെ മൂന്നാം തലമുറ വരെ ഇന്ന് അതേ വിമർശകരുടെ ആരോപണങ്ങൾക്ക് മറുപടി പറയാൻ കഴിവുറ്റവരായി രംഗത്തുണ്ട്.

എന്നാൽ, നമ്മുടെ പൊതു മാധ്യമങ്ങൾ ജമാഅത്ത് വിമർശകർക്ക് ഉദാരമായി സ്ഥലം അനുവദിക്കുമ്പോൾ ജമാഅത്തിന്റെ പക്ഷത്തുനിന്ന് അവക്ക് നൽകപ്പെടുന്ന മറുപടികൾക്ക് വേണ്ടത്ര സ്ഥലമോ അവസരമോ നൽകുന്നില്ല. അജ്ഞത കൊണ്ടോ അശ്രദ്ധ കൊണ്ടോ സംഭവിക്കുന്നതല്ല ഇത്. അതൊരു അജണ്ടയുടെ ഭാഗമാണ്. സമത്വ സുന്ദരമായ, സാമൂഹിക ഉള്ളടക്കമുള്ള ഇസ്‌ലാം കേരളത്തിൽ വേര് പടർത്തുന്നത് പലർക്കും ദഹിക്കുന്നില്ല. അവരുടെ സമ്മർദഫലമായി കൂടിയാണ് മാധ്യമങ്ങൾ ജമാഅത്തിന്റെ വിശദീകരണങ്ങൾക്ക് ഇടം അനുവദിക്കാത്തത്. അതുകൊണ്ടുതന്നെ വിമർശനങ്ങൾ വായിക്കുന്ന പൊതുസമൂഹത്തിന് മിക്കപ്പോഴും ജമാഅത്തിന്റെ ഭാഗത്തുനിന്നുള്ള വിശദീകരണങ്ങളും യഥാർഥ വസ്തുതകളും അറിയാൻ കഴിയാതെ വരുന്നു. ഈ അവസരത്തിൽ

പ്രസ്ഥാനത്തിന്റെ മുഖപത്രമായ *പ്രബോധനം* പൊതുസമൂഹത്തിൽ കൂടുതലായി പ്രചരിപ്പിക്കുക എന്നതാണ് ജമാഅത്ത് പ്രവർത്തകർക്ക് ചെയ്യാനുള്ള പ്രധാനപ്പെട്ട ഒരു കാര്യം. പൊതുമാധ്യമങ്ങൾ ശ്രദ്ധിക്കുന്ന, എന്നാൽ ജമാഅത്തിന്റെ ഭാഗത്തുനിന്നുള്ള വിശദീകരണങ്ങൾ കേൾക്കാൻ അവസരമില്ലാത്ത പൊതുജനങ്ങളിലേക്ക് എത്ര കൂടുതൽ *പ്രബോധനം* എത്തിക്കാൻ കഴിയുന്നുവോ അത്രത്തോളമാണ് നമ്മുടെ വിജയം.

അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ കേരളത്തിൽ ഇസ്‌ലാഹി പ്രവർത്തനം നടന്നുകൊണ്ടിരിക്കെ തന്നെയാണ് ജമാഅത്തെ ഇസ്‌ലാമിയുടെ രംഗപ്രവേശം. ഇസ്‌ലാഹി പ്രവർത്തനത്തെ വിവേചനബോധത്തോടെ ഉൾക്കൊള്ളുന്നതോടൊപ്പം പാളിച്ചകൾ തിരുത്താനും ജമാഅത്ത് ശ്രമിക്കുകയുണ്ടായി. അതിലൊന്നാണ് കർമശാസ്ത്ര (ഫിഖ്ഹ്) ഭിന്നതകളിലെ നിലപാട്. കർമശാസ്ത്രത്തിലെ ഭിന്ന വീക്ഷണങ്ങളിലെ ഒരു അഭിപ്രായത്തിലേക്ക് ആളുകളെ കൊണ്ടുവരലും മുസ്‌ലിം സമൂഹത്തിലെ ഒരു വിഭാഗത്തെ മുശ്‌രിക്കുകളാക്കി മാറ്റിനിർത്തി, അവരെ ദീനുൽ ഇസ്‌ലാമിലേക്ക് ക്ഷണിക്കലുമാണ് ഇസ്‌ലാഹി പ്രവർത്തനം എന്ന അബദ്ധ ജടിലമായ കാഴ്ചപ്പാടുപോലും ഉണ്ടായി. കേരളത്തിൽ ഇസ്‌ലാഹി പ്രവർത്തനങ്ങൾക്ക് എന്തൊക്കെ ദൗർബല്യങ്ങളുണ്ടായിരുന്നോ അവയെല്ലാം പൂർവാധികം ശക്തിപ്പെട്ടുകൊണ്ടിരിക്കുന്ന ഘട്ടമാണിത്. ഇസ്‌ലാം കേവല വേഷഭൂഷാദികളും ആരാധനാനുഷ്ഠാനങ്ങളുമാണെന്നും അവയിൽ ഒരു പ്രത്യേക കർമശാസ്ത്ര നിർധാരണ രീതിയിലേക്ക് മുസ്‌ലിംസമൂഹത്തെ കൊണ്ടുവരലാണ് ഇസ്‌ലാഹി പ്രവർത്തനമെന്നുമുള്ള ഒരു ധാരണ പ്രചരിപ്പിക്കപ്പെടുന്നുണ്ട്. പ്രധാനമായും മൂന്ന് ദുരന്തങ്ങളാണ് ഇതിലൂടെ സംഭവിക്കുന്നത്. ഒന്ന്, ഇസ്‌ലാമിനെക്കുറിച്ച കാഴ്ചപ്പാടും മുസ്‌ലിംകളിൽ ദീനിനെക്കുറിച്ച ചർച്ചകളും വളരെ പരിമിതപ്പെട്ടുപോകുന്നു. രണ്ട്, മുസ്‌ലിം സംഘടനകളുടെ ഇത്തരം ചർച്ചകളിൽനിന്ന് പൊതുജനങ്ങൾക്ക് ഒന്നും മനസ്സിലാകുന്നില്ലെന്ന് മാത്രമല്ല, ഇസ്‌ലാമും മുസ്‌ലിം സമൂഹവും അവർക്ക് മുമ്പിൽ പരിഹാസ്യമാവുകയും ചെയ്യുന്നു. മൂന്ന്, സ്വന്തം അണികൾക്കും പൊതു മുസ്‌ലിംകൾക്കുമിടയിൽ സംസ്കരണ പ്രവർത്തനങ്ങൾ നടത്താനുള്ള സമയം മതസംഘടനകൾക്ക് ലഭിക്കാതെ പോകുന്നു.

ഇത്തരമൊരു സന്ദർഭത്തിൽ യഥാർഥ ഇസ്‌ലാമിനെ സമൂഹത്തിന് മുമ്പിൽ അവതരിപ്പിക്കണമെന്ന് ജമാഅത്തെ ഇസ്‌ലാമിക്ക് നിർബന്ധമുണ്ട്. ഇസ്‌ലാമിന്റെ സാമൂഹികതയും ധാർമിക-സദാചാര നിയമങ്ങളും ജനങ്ങൾക്ക് തനിമയോടെ ലഭ്യമാകണം. *പ്രബോധനം* വാരിക 1949 മുതൽ ഈ ദൗത്യം ഭംഗിയായി നിർവഹിച്ചുവരുന്നുണ്ട്. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ സമരം ചെയ്യുകയും കർമശാസ്ത്ര തർക്കങ്ങളെ നിർത്തേണ്ടിടത്ത് നിർത്തുകയും ചെയ്യാൻ *പ്രബോധനം* കാണിച്ച ജാഗ്രത അതേ അളവിൽ ശക്തമായി തുടരേണ്ടതുണ്ട്. അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും എതിർത്തിരുന്നവർ തന്നെ ഇപ്പോൾ മറ്റൊരു വിധത്തിൽ അതിന്റെ പ്രചാരകരാവുമ്പോൾ *പ്രബോധന*ത്തിന്റെ ഇടപെടലുകൾ ആ രംഗത്തുണ്ടാകണമെന്നാണ് നമ്മുടെ തെരുവുകൾ ആവശ്യപ്പെടുന്നത്. ഇവിടെ നാം ഉറങ്ങിപ്പോയാൽ ദീനിനെ സംബന്ധിച്ച കാഴ്ചപ്പാടുകൾക്ക് തന്നെയാണ് മാറ്റം വരിക. അതുകൊണ്ട് *പ്രബോധനം* കൂടുതൽ ആളുകളിലേക്ക് എത്തിക്കാൻ പ്രവർത്തകർ സത്വര ശ്രദ്ധ പതിപ്പിക്കണം. നടന്നുകൊണ്ടിരിക്കുന്ന കാമ്പയിൻ വിജയിപ്പിക്കാൻ ജമാഅത്ത് ഘടകങ്ങളും പ്രവർത്തകരും സജീവമായി രംഗത്തിറങ്ങണം- അല്ലാഹു നമ്മുടെ പ്രവർത്തനങ്ങൾ വിജയിപ്പിക്കുമാറാകട്ടെ. ■